(ബി) ആദ്യ ഘട്ടമായി അനുവദിച്ചിരിക്കുന്ന ഫണ്ട് ഉപയോഗിച്ച് എന്തൊക്കെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവാനാണ് വിഭാവനം ചെയ്തിരിക്കുന്നത് ;

(സി) പ്രസ്തുത പ്രവൃത്തികൾ ടെൻഡർ ചെയ്യാനുള്ള നടപടി ക്രമങ്ങൾ പൂർത്തിയാക്കിയിട്ടുണ്ടോ ;

(ഡി) രണ്ടാം ഘട്ടമായി ബാക്കി ഫണ്ട് ലഭ്യമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാനാണുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പത്തനംതിട്ട ജില്ലയിലെ മണിയാർഡാം പരിസരത്ത് സഞ്ചാരികൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തി ഡാമിനെ ഒരു ടൂറിസ്റ്റ് ആകർഷണകേന്ദ്രം ആക്കുക എന്നതാണ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. പദ്ധതിക്കായി 50 ലക്ഷം രൂപയാണ് അനുവദിച്ചിരിക്കുന്നത്.

(ബി) ആദ്യ ഘട്ടമായി അനുവദിച്ചിരിക്കുന്ന ഫണ്ട് ഉപയോഗിച്ച് പ്രവേശന കവാടം, ബോട്ടിംഗ് ഏരിയായുടെ വികസനം, പവലിയൻ, പാർക്കിംഗ് ഏരിയായുടെ വികസനം, ചുറ്റുമതിൽ, ഫുഡ് കോർട്ട്, ടോയ്ലറ്റ് എന്നിവയാണ് മുഖ്യമായും നടത്താൻ ഉദ്ദേശിക്കുന്നത്.

(സി) ടെണ്ടർ ചെയ്യാനുള്ള നടപടികൾ പൂർത്തിയായിവരുന്നു.

(ഡി) രണ്ടാം ഘട്ടം ഇപ്പോൾ പരിഗണനയിൽ ഇല്ല.

മലപ്പുറം ജില്ലയിലെ ടൂറിസം

86 (4709) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസം രംഗത്തും ടൂറിസം പശ്ചാത്തല സൗകര്യങ്ങളുടെ വികസനത്തിനുംവേണ്ടി മലപ്പുറം ജില്ലയിൽ 2008-09, 2009-10 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന പദ്ധതികൾ ഏതെല്ലാം ആയിരുന്നു എന്ന് വിശദമാക്കുമോ ;

(ബി) ഇവയിൽ ഏതെല്ലാം പദ്ധതികൾ ആരംഭിക്കാൻ കഴിഞ്ഞു ; ബാക്കിയുള്ളവ നടപ്പിലാക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കുമോ ?

ഉത്തരം

(എ) 2008-09, 2009-10 വർഷത്തെ ബഡ്ജറ്റിൽ ടൂറിസം പശ്ചാത്തല സൗകര്യങ്ങളുടെ വികസനത്തിനുവേണ്ടി ജില്ല തിരിച്ച് പദ്ധതികൾ ഒന്നും തന്നെ പ്രഖ്യാപിച്ചിരുന്നില്ല.

(ബി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly